# Sree Sankaracharya University of Sanskrit, Kalady

## Confirmed Minutes of the 49th Academic Council held at 11 A.M.on 27.04.2019 at University Head Quarters, Kalady

### Main Agenda

### Item No: 2

**P.G. Syllabi Restructuring – 24 Departments/Centers of study – OBTLE Scheme-Approval – reg**

**(No. Acd B1/3679/SSUS/2019)**

Syndicate discussed the matter in detail and resolved to accept the recommendations by the concerned Board of Studies and Faculty on restructuring of OBTLE Syllabus for PG Programs and resolved to implement the same with effect from 2019-20 onwards.

Sd/-

Vice Chancellor

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

SREE SANKARACHARYA UNIVERSITY OF SANSKRIT * KALADY-683574 *

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## 49-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിച്ചുരുക്കം

തീയതി : 27.04.2019 രാവിലെ 11 മണി

പങ്കെടുത്തവർ

1. ഡോ. ധർമ്മരാജൻ പി.കെ., ബഹു. വൈസ് ചാൻസലർ - ഒപ്പ്
2. ഡോ.കെ.എസ്.രവികുമാർ, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ.എം.മണിമോഹനൻ, പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ - ഒപ്പ്
4. പ്രൊഫ.എം.വി.നാരായണൻ, ഡീൻ, ഫോറിൻ ലാംഗ്വേജസ് - ഒപ്പ്
5. ഡോ.കെ.ജി.രാമദാസൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
6. പ്രൊഫ.എസ്.മോഹൻദാസ്, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
7. പ്രൊഫ.തോമസ് കെ. ജോബ്, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
8. ഡോ.ബാബു ജോസഫ്, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
9. ഡോ.പി.സി.മുരളീമാധവൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
10. ഡോ.എസ്.രാമചന്ദ്രൻ നായർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
11. ഡോ.ഷംഷാദ് ഹുസൈൻ കെ.ടി., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
12. ഡോ.ശിവദാസൻ പി., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
13. ഡോ.ടി.മിനി, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
14. ഡോ.വി.ജി.ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
15. ഡോ.സജിത കെ.ആർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
16. ഡോ.എം.എസ്.മുരളീധരൻ പിള്ള, ഡീൻ, ഇന്ത്യൻ മെറ്റാഫിസിക്സ് - ഒപ്പ്
17. ഡോ.ശഠകോപ താതാചാര്യ, ഡീൻ, ഇന്ത്യൻ ലോജിക് - ഒപ്പ്
18. ഡോ.ടി.ജി.ശ്രീകുമാർ, ഡീൻ, അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് - ഒപ്പ്
19. ഡോ.എ.പസ്ലിത്തിൽ, ഡീൻ, ഇൻഡോളജി - ഒപ്പ്
20. ഡോ.പി.വി.നാരായണൻ, വകുപ്പു മേധാവി, സംസ്കൃതം സാഹിത്യം - ഒപ്പ്
21. ഡോ.ഷാജി വർക്കി, ഡീൻ, ആർട്സ് ആന്റ് സോഷ്യൽ സയൻസ് - ഒപ്പ്
22. ഡോ.കെ.മുത്തുലക്ഷ്മി, വേദാന്തം വകുപ്പു മേധാവി & തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
23. ഡോ.ജി.ശ്രീവിദ്യ, സംസ്കൃതം ജനറൽ വകുപ്പു മേധാവി - ഒപ്പ്
24. ഡോ.ജേക്കബ് തോമസ് പുതുപ്പള്ളിൽ, ആയുർവേദം വകുപ്പു മേധാവി - ഒപ്പ്
25. ഡോ.ശാന്തി നായർ, ഹിന്ദി വകുപ്പു മേധാവി - ഒപ്പ്
26. ഡോ.വി.എ.വത്സലൻ, മലയാളം വകുപ്പു മേധാവി - ഒപ്പ്
27. ഡോ.കെ.സി.അതൗള്ളാ ഖാൻ, ഉറുദു വകുപ്പു മേധാവി - ഒപ്പ്
28. ഡോ.കെ.ജി.ദിലീപ് , സോഷ്യോളജി വകുപ്പു മേധാവി - ഒപ്പ്
29. ഡോ.രേഷ്മ ഭരദ്വാജ്, സോഷ്യൽ വർക്ക് വകുപ്പു മേധാവി - ഒപ്പ്
30. ശ്രീ ദിനേഷ് കുമാർ കെ.എസ്., കായിക വിഭാഗം വകുപ്പു മേധാവി - ഒപ്പ്
31. ഡോ.മഞ്ജു ഗോപാൽ, സംഗീത വിഭാഗം വകുപ്പു മേധാവി - ഒപ്പ്
32. ഡോ.കെ.എം.അബു, മോഹിനിയാട്ടം വകുപ്പു മേധാവി - ഒപ്പ്
33. ഡോ.വേണുഗോപാലൻ നായർ സി., ഭരതനാട്യം വകുപ്പു മേധാവി - ഒപ്പ്
34. ശ്രീ ടി.എസ്.സാജു (തുരുത്തിൽ), പെയിന്റിംഗ് വിഭാഗം വകുപ്പു മേധാവി - ഒപ്പ്
35. ഡോ.എച്ച്.ഷൈലജ, സൈക്കോളജി വകുപ്പു മേധാവി - ഒപ്പ്
36. ഡോ.ടി.എസ്.സാജു, ജ്യോഗ്രഫി വകുപ്പു മേധാവി & തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
37. ഡോ.എബി കോശി , ഫിലോസഫി വകുപ്പു മേധാവി - ഒപ്പ്
38. ശ്രീ എ.കെ.മധു, തീയറ്റർ വിഭാഗം വകുപ്പു മേധാവി - ഒപ്പ്

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala

39. ഡോ.എം.കുഞ്ഞുമൊയ്തീൻകുട്ടി, അറബിക് കോഴ്സ് കോ-ഓർഡിനേറ്റർ - ഒപ്പ്
40. ഡോ.കെ.എം.സംഗമേശൻ, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
41. ഡോ.കെ.യമുന, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
42. ശ്രീമതി രേണുക കെ.സി., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
43. ഡോ.സി.എം.മനോജ് കുമാർ, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
44. ഡോ.ബിജു വി., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
45. ഡോ.കെ.എ.രവീന്ദ്രൻ, സാൻസ്ക്രിറ്റ് വേദിക് സ്റ്റഡീസ് കോ-ഓർഡിനേറ്റർ- ഒപ്പ്
46. ഡോ.എസ്.പ്രീയ, കംപാരറ്റീവ് ലിറ്ററേച്ചർ കോഴ്സ് കോ-ഓർഡിനേറ്റർ - ഒപ്പ്
47. ഡോ.എൻ.വിജയമോഹനൻ പിള്ള, മാനുസ്ക്രിപ്റ്റോളജി കോഴ്സ് കോ-ഓർഡിനേറ്റർ - ഒപ്പ്
48. ഡോ.ആനി ട്രീസ എഫ്രേം,ജൻഡർ സ്റ്റഡീസ് കോഴ്സ് കോ-ഓർഡിനേറ്റർ- ഒപ്പ്
49. ഡോ.കെ.എം.ഷീബ, ദാക്ഷായണി വേലായുധൻ സെന്റർ ഫോർ വിമൻസ് സ്റ്റഡീസ് കോഴ്സ് കോ-ഓർഡിനേറ്റർ - ഒപ്പ്
50. ഡോ.ജന്നി റപ്പായി, ഇംഗ്ലീഷ് വകുപ്പുമേധാവി - ഒപ്പ്
51. സാവിത്രി കെ.കെ., പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
52. അളക ജെ., ഗവേഷക, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്

**I. അഭിസംബോധന (Introduction by the Chair)**

**<u>27.04.2019 ലെ 49-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിലേക്കുള്ള വൈസ് ചാൻസലറുടെ റിപ്പോർട്ട്</u>**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു.

സർവകലാശാല ജീവനക്കാരനായിരുന്ന ശ്രീ. മുഹമ്മദ് ഷെരീഫ്, വയനാട് എം. പി ആയിരുന്ന ശ്രീ. എം.ഐ ഷാനവാസ്, മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ഡബ്ല്യൂ ബുഷ് സീനിയർ, മുൻ മന്ത്രി ശ്രീ. സി. എൻ ബാലകൃഷ്ണൻ, പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. ലെനിൻ രാജേന്ദ്രൻ, സംഗീത സംവിധായകൻ ശ്രീ. എസ്. ബാലകൃഷ്ണൻ, മുൻ എം എൽ എ ആയിരുന്ന ശ്രീ സൈമൺ ബ്രിട്ടോ, മുൻ മന്ത്രിയായ ശ്രീ. വി.ജെ. തങ്കപ്പൻ, ഫോക്‌ലോർ അക്കാദമി മുൻ ചെയർമാനും പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ മുൻ ഗസ്റ്റ് അദ്ധ്യാപകനുമായിരുന്ന ഡോ. എം. വി വിഷ്ണു നമ്പൂതിരി, ഗോവ മുഖ്യമന്ത്രിയും മുൻ പ്രതിരോധമന്ത്രിയുമായ ശ്രീ മനോഹർ പരീക്കർ, മുൻ ധനമന്ത്രി ശ്രീ. കെ.എം.മാണി, അഡീഷണൽ ചീഫ് സെക്രട്ടറിയും, എഴുത്തുകാരനുമായിരുന്ന ഡോ. ഡി. ബാബു പോൾ ഐ.എ.എസ് എന്നിവരുടെ നിര്യാണത്തിലും, ജമ്മു കാഷ്മീരിൽ ചാവേർ ആക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ നിര്യാണത്തിലും, ന്യൂസിലാൻഡിലെ മുസ്ലിം പള്ളിയിൽ നടന്ന വംശീയ ആക്രമണത്തിന് ഇരയായവരുടെ നിര്യാണത്തിലും, കലാ, രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്ന മറ്റ് പ്രഗൽഭ വ്യക്തികളുടെ നിര്യാണത്തിലും, ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

16.11.2018 നു ചേർന്ന 48-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിനു ശേഷം ഈ സർവകലാശാലയിലു ായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയിൽ പ്രസിദ്ധീകരണ വിഭാഗത്തിന്റെ കീഴിൽ യൂട്ടിലിറ്റി സെന്ററിൽ ആരംഭിച്ച പുസ്തക വിൽപന കൗ റിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റ് മെമ്പർ പ്രൊഫസർ തോമസ് കെ. ജോബിന് പുസ്തകം നൽകി വൈസ് ചാൻസലർ നവംബർ 21 ന് നിർവഹിച്ചു
2. നവംബർ 26 ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്കൃത സർവകലാശാല സമൂഹത്തിന്റെ ആദ്യ ഗഡു സംഭാവനയായ 1,12,99,926/- രൂപ (ഒരു



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

കോടി പന്ത്ര ˘ ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) വൈസ് ചാൻസലർ മുഖ്യമന്ത്രിക്ക് കൈമാറി.

3. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ നവംബർ 29 ന് നടത്തിയ പ്രഭാഷണ പരമ്പരയിൽ ബ്രിട്ടീഷ് കൊളംബിയ യൂണിവേഴ്സിറ്റി എമിറ്റസ് പ്രൊഫസർ അശോക് അക്ലുജ്കർ മുഖ്യ പ്രഭാഷണം നടത്തി.
4. സർവകലാശാലയിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളെ പഠനത്തോടൊപ്പം അനുയോജ്യമായ തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) സർവകലാശാലയിൽ തുടങ്ങി. ഇതിനോടനുബന്ധിച്ച് നടന്ന ഓറിയന്റേഷൻ പ്രോഗ്രാം ഡിസംബർ 6 ന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
5. സർവകലാശാല മുഖ്യകേന്ദ്രത്തിലേയും പ്രാദേശിക കേന്ദ്രത്തിലേയും സ്ഥിര അദ്ധ്യാപകർക്കായി സംഘടിപ്പിച്ച ഔട്ട്കം ബെയ്സ്ഡ് സിലബസ് റീ സ്ട്രക്ച്ചറിംഗ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ദ്വിദിന ശിൽപശാല ഡിസംബർ 11, 12 തീയതികളിൽ നടത്തി.
6. സർവകലാശാല ഫൈൻ ആർട്സ് കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലോകത്തിലെ ഏറ്റവും വലിയ തെയ്യത്തിന്റെ ചുമർ ചിത്ര രചന പൂർത്തീകരിച്ചു. ചിത്രകലാ വിഭാഗം മേധാവി ശ്രീ. സാജു. ടി.എസ് ന്റെ നേതൃത്വത്തിൽ പൂർവ്വ വിദ്യാർത്ഥികളായ ദിൽജിത്ത്, സുജിത്ത്, വിഷ്ണു, ശ്രീനോജ് എന്നിവർ ചേർന്നാണ് വിഷ്ണു മൂർത്തി തെയ്യം പൂർത്തീകരിച്ചത്. സർവകലാശാലക്ക് കീർത്തി നേടിത്തന്ന ഈ സംരംഭത്തിൽ പങ്കാളികളായ എല്ലാവരേയും അഭിനന്ദിക്കുന്നു.
7. സർവകലാശാല മലയാള വിഭാഗം 2018 ഡിസംബർ 17 ന് സംഘടിപ്പിച്ച പ്രദീപൻ പാമ്പിരിക്കുന്ന് അനുസ്മരണ പരിപാടിയിൽ പ്രമുഖ കർണാടക സംഗീതജ്ഞനും മാഗ്സസെ അവാർഡ് ജേതാവുമായ ശ്രീ. ടി.എം. കൃഷ്ണ അനുസ്മരണ പ്രഭാഷണം നടത്തി.
8. ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 18 ന് നടത്തിയ അന്തർദേശീയ പ്രഭാഷണപരമ്പര ഹംഗറിയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡേവിഡ് വെബർമാന്റെ ഹെർമന്യൂട്ടിക്സ് ആൻഡ് കോൺസെപ്ചൽ റിലേറ്റിവിസം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ആദ്യ പ്രഭാഷണത്തോടെ ആരംഭിച്ചു.
9. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സാമൂഹിക സേവന വിഭാഗത്തിന്റെ നേതൃത്വത്തിൽ പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ എന്ന വിഷയത്തിൽ 3 ദിവസത്തെ രാജ്യാന്തര ശിൽപശാല ഡിസംബർ 19,21,22 തീയതികളിൽ സംഘടിപ്പിച്ചു. യു.എസ്.എ ഇല്ലിനോയ് സർവകലാശാല പ്രൊഫസർ ഡോ. പല്ലശന ആർ ബാലഗോപാൽ ടി ശിൽപശാലയിൽ പ്രഭാഷണം നടത്തി.
10. സർവകലാശാലയിൽ ഇൻടാൻജിബിൾ ഹെറിറ്റേജ് പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മുടിയേറ്റ് ദേശീയ കോൺഫറൻസ് ഡിസംബർ 21 ന് സംഘടിപ്പിച്ചു. കേരള ഫോക്‌ലോർ അക്കാദമിയുടെ പ്രോഗ്രാം കോർഡിനേറ്റർ പി.വി ലവ്‌ലിൻ മുഖ്യാതിഥി ആയിരുന്നു.
11. ജനുവരി 10 ന് ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ത്രിദിന ദേശീയ ശിൽപശാല ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല പ്രൊഫസർ നീലാദ്രി ഭട്ടാചാര്യ ഉദ്ഘാടനം ചെയ്തു.
12. ഫിലോസഫി, വേദാന്തം, ന്യായം, സാഹിത്യം, വ്യാകരണം വിഭാഗങ്ങളുടെ നേതൃത്വത്തിൽ 'പാലി ഭാഷയും കൃതികളും' എന്ന വിഷയത്തിൽ ദശദിന ശിൽപശാലയുടെ ഉദ്ഘാടനം ജനുവരി 10 ന് വൈസ് ചാൻസലർ നിർവഹിച്ചു.
13. ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'ബിലീഫ് ആൻഡ് റീസൺ' എന്ന വിഷയത്തിൽ എക്സ്റ്റൻഷൻ ലക്ചർ ജനുവരി 14 ന് നടന്നു. പ്രശസ്ത അക്കാഡമിഷ്യൻ ഡോ. എതിരൻ കതിരവൻ പങ്കെടുത്തു.
14. സർവകലാശാലയിൽ ജനുവരി 14 മുതൽ നാലുമാസത്തേക്കായി ശ്രീ ശങ്കരദർശനം - സമകാലീക വിചിന്തനം എന്ന വിഷയത്തെ ആസ്പദമാക്കി പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കുമായി 60 മണിക്കൂർ ദൈർഘ്യമുള്ള



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

സായാഹ്ന സർട്ടിഫിക്കറ്റ് കോഴ്സ് ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

15. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ കുമാരനാശാന്റെ'ചിന്താവിഷ്ടയായസീത'യുടെ ശതാബ്ദിയോടനുബന്ധിച്ച് ത്രിദിന ദേശീയ സെമിനാർ ജനുവരി 16 മുതൽ 18 വരെ നടന്നു.
16. സർവകലാശാല സംസ്കൃത ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'കമ്പ്യൂട്ടേഷനൽ പെർസ്പെക്റ്റീവ്സ് ഇൻ നവ്യന്യായ' എന്ന വിഷയത്തിലുള്ള എട്ട് ദിവസത്തെ ദേശീയ ശിൽപശാല ജനുവരി 19 ന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
17. ചെന്നൈയിലുള്ള അഡയാർ ലൈബ്രറി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി പരസ്പര സഹകരണത്തിന് നാന്ദി കുറിച്ചുകൊ ുള്ള എം.ഒ.യു തിയോസഫിക്കൽ സൊസൈറ്റിയുടെ അന്താരാഷ്ട്ര പ്രസിഡന്റ് ശ്രീ. ടിം ബോയ്ഡും സർവകലാശാല രജിസ്ട്രാറും ജനുവരി 22ന് സർവകലാശാല ആസ്ഥാനത്ത് വെച്ച് ഒപ്പുവയ്ക്കുകയു ായി.
18. സംസ്കൃത സാഹിത്യ വിഭാഗത്തിൽ ഭാരതത്തിലെ ഉത്സവങ്ങൾ - സാഹിത്യം, ആചാരം, പാരമ്പര്യം എന്നിവയിൽ നിന്നുള്ള സൂചനകൾ എന്ന വിഷയത്തിൽ ഫെബ്രുവരി 4 മുതൽ 7 വരെ നടത്തപ്പെട്ട ചതുർദിന അന്തർ, ദേശീയ സെമിനാർ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഫെബ്രുവരി 4 ന് ഉദ്ഘാടനം ചെയ്തു.
19. സർവകലാശാലയിൽ ഭൂമിശാസ്ത്ര പഠന വകുപ്പിന്റെ നേതൃത്വത്തിൽ നാച്വറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഫെബ്രുവരി 11 ന് രാവിലെ ശ്രീ. റോജി. എം.ജോൺ എം. എൽ.എ ഉദ്ഘാടനം ചെയ്തു.
20. ഫെബ്രുവരി 11 ന് ആഗമാനന്ദ സെന്റർ ഫോർ വിഷ്വൽ കൾച്ചർ ആൻഡ് ഏസ്തെറ്റിക്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ആഗമാനന്ദ സ്മാരക പ്രഭാഷണം ശാസ്ത്രജ്ഞൻ പത്മവിഭൂഷൺ ഡോ. എം.എസ് വല്യത്താൻ നിർവഹിച്ചു.
21. സംസ്കൃത വ്യാകരണ വിഭാഗം നടത്തുന്ന പണ്ഡിതരാജൻ ശാസ്ത്രരത്നം കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ സ്മാരക പ്രഭാഷണവും എൻഡോവ്മെന്റ് വിതരണവും ഫെബ്രുവരി 15,16 തീയതികളിൽ നടന്നു.
22. ഫെബ്രുവരി 16 മുതൽ 18 വരെ തീയതികളിൽ ഭുവനേശ്വറിലെ കൽപിത സർവകലാശാലയായ ശിക്ഷാ ഓ അനുസന്ദാനിൽ വച്ച് നടത്തപ്പെട്ട അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ 93-ാം വാർഷിക യോഗത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു.
23. പൊതുജനങ്ങൾക്ക് സർവകലാശാലയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന 'ശാസ്ത്രയാൻ- ദർപ്പണം 2019' പരിപാടി സർവകലാശാലയിൽ ഫെബ്രുവരി 22, 23 തീയതികളിൽ സംഘടിപ്പിച്ചതിന്റെ ഉദ്ഘാടനം കുസാറ്റ് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ആർ ശശിധരൻ നിർവഹിച്ചു. വിവിധ പഠന വകുപ്പുകളുടെ പ്രദർശനങ്ങൾ, ശില്പശാലകൾ, കലാ-കായിക പരിപാടികൾ എന്നിവ നടത്തി.
24. സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ താളിയോല ഗ്രന്ഥങ്ങൾ സമാഹരിക്കുന്നതിന്റെ ഭാഗമായി, പ്രളയകാലത്ത് വെള്ളത്തിലായ ചേന്ദമംഗലം പാലിയം നടയിലെ മൈമ്പിള്ളി ഇല്ലത്തെ ശ്രീ. മണി മൈമ്പിള്ളിയുടെ കൈവശമു ായിരുന്ന വിശേഷപ്പെട്ട ഗ്രന്ഥ ശേഖരങ്ങൾ, അങ്കമാലി, തുറവൂർ, ഡോ. എ വി പൗലോസ് വൈദ്യർക്ക് ഗുരുവിൽ നിന്നും ലഭിച്ച അപൂർവ്വ ആയുർവ്വേദ താളിയോല ഗ്രന്ഥം എന്നിവ വൈസ് ചാൻസലർക്ക് കൈമാറി.
25. രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 28 ന് സംഘടിപ്പിച്ച പ്രതിഭാസംഗമം കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി.കെ നാരായണൻ ഉദ്ഘാടനം ചെയ്തു. ഗായിക പി. പുഷ്പാവതി മുഖ്യാതിഥി ആയിരുന്നു. സർവകലാശാലയിലെ പൂർവ്വ വിദ്യാർത്ഥികൾ, സേവനം ചെയ്ത അദ്ധ്യാപകർ അടക്കമുള്ള വിദ്യാർത്ഥികളും, അദ്ധ്യാപകരും ആയ വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചവരും ദേശീയ നിലവാരത്തിൽ അംഗീകാരം നേടിയവരുമായ 68 പേരെ ആദരിച്ചു. അക്കാദമിക തലത്തിൽ മികച്ച പ്രാവീണ്യം കൈവരിച്ച 12 വിദ്യാർത്ഥികൾക്ക് വിവിധ എൻഡോവ്മെന്റുകൾ നൽകി.



SANSKRIT KALADY 683 574

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

26. സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഭാരതീയ സൗന്ദര്യ ശാസ്ത്ര പാരമ്പര്യം എന്ന വിഷയത്തിൽ മാർച്ച് 6 മുതൽ 8 വരെ സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ മലയാള സർവകലാശാല വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ ഉദ്ഘാടനം ചെയ്തു.
27. സർവകലാശാല രജിസ്ട്രാർ ആയിരുന്ന ഡോ. രവീന്ദ്രൻ ടി പി മാർച്ച് 12 ന് സ്ഥാനമൊഴിഞ്ഞു. മാർച്ച് 6 ന് പരിഷ്കരിച്ചിറങ്ങിയ ഓർഡിനൻസിന്റെ അടിസ്ഥാനത്തിലാണ് രജിസ്ട്രാർ സ്ഥാനം ഒഴിഞ്ഞത്. പ്രോ-വൈസ് ചാൻസലർ പ്രൊഫസർ. കെ.എസ്. രവികുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥാനമൊഴിയുന്ന രജിസ്ട്രാർക്ക് വൈസ് ചാൻസലർ ഉപഹാരം സമ്മാനിച്ചു. സർവകലാശാല സംസ്കൃത വ്യാകരണ വിഭാഗം പ്രൊഫസർ ഡോ. എം. മണിമോഹനനാണ് രജിസ്ട്രാറുടെ താൽക്കാലിക ചുമതല നൽകിയിട്ടുള്ളത്.
28. സർവകലാശാല രജതജൂബിലിയോടനുബന്ധിച്ച് സർവകലാശാലയിലെ ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 11 മുതൽ 13 വരെ സംഘടിപ്പിച്ച ത്രിദിന ഹിന്ദി സാഹിത്യോത്സവം പ്രമുഖ ഹിന്ദി സാഹിത്യകാരൻ സ്വയംപ്രകാശ് അക്ഷരദീപം തെളിയിച്ച് ഉദ്ഘാടനം നിർവഹിച്ചു.
29. സർവകലാശാലയിൽ ഒരു വർഷം നീ ുനിന്ന രജത ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം മാർച്ച് 23 ന് ബഹു. കേരള ഗവർണ്ണറും സർവകലാശാലാ ചാൻസലറുമായ ജസ്റ്റിസ് റിട്ടയേർഡ് പി. സദാശിവം ഉദ്ഘാടനം ചെയ്തു. പ്രമുഖ സിനിമാ സംവിധായകനായ പദ്മവിഭൂഷൺ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ഉച്ചക്ക്ശേഷം നടന്ന സാംസ്കാരിക സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. സേതു നിർവഹിച്ചു. പ്രമുഖ സാഹിത്യകാരന്മാരായ ശ്രീ. അശോകൻ ചരുവിൽ, ശ്രീ. ഹരീഷ് എസ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. രജത ജൂബിലി വർഷത്തിൽ പ്രസിദ്ധീകരിച്ച 14 പുസ്തകങ്ങളുടെ പ്രകാശനവും സാംസ്കാരിക സമ്മേളത്തിൽ നടത്തുകയു ായി.
30. സർവകലാശാലയിൽ സെന്റർ ഫോർ ഇൻടാൻജിബിൾ ഹെറിറ്റേജ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'പ്രളയവും പൈതൃകവും' എന്ന വിഷയത്തിൽ മാർച്ച് 25, 26 തീയതികളിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനം ഇൻടാക്-ജമ്മു-കശ്മീർ കൺവീനർ സലിംബെഗ് ഉദ്ഘാടനം ചെയ്തു.
31. മാർച്ച് 26, 27, 28 തീയതികളിൽ സംസ്കൃത ന്യായ വിഭാഗം ഫെയ്സെറ്റ്സ് ഓഫ് ഇന്ത്യൻ മെറ്റീരിയലിസം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
32. സർവകലാശാലയിൽ ദാക്ഷായണി വേലായുധൻ സെന്റർ ഫോർ വിമെൻസ് സ്റ്റഡീസിന്റെ ഉദ്ഘാടനം മാർച്ച് 28 ന് രോഹിത് വെമുലയുടെ അമ്മ രാധിക വെമുല ഉദ്ഘാടനം ചെയ്തു
33. സർവകലാശാലയിലെ സംസ്കൃത പ്രചാരണ വിഭാഗം സർവകലാശാല/കോളേജ് തല സംസ്കൃത അദ്ധ്യാപകർക്കായി ഏഴ് ദിവസത്തെ റിഫ്രഷർ കോഴ്സ് പുനർനവ മൂന്നാം ഘട്ടം ഏപ്രിൽ 3 മുതൽ 9 വരെ സംഘടിപ്പിച്ചു.
34. സർവകലാശാലയിലെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സർവകലാശാല, അഫിലിയേറ്റഡ് കോളേജ് അധ്യാപകർക്ക് ഇന്റർ ഡിസിപ്ളിനറി റിസർച്ച് മെത്തഡോളജി വിഷയത്തിൽ ദേശീയ ശിൽപശാല 2019 മെയ് 06 മുതൽ 20 വരെ നടത്തുവാൻ തീരുമാനിച്ചു.
35. സംസ്കൃത ഭാഷാ, സാഹിത്യമേഖലകളിലെ മികവിനുള്ള രാഷ്ട്രപതി പുരസ്കാരം നേടിയ (5 ലക്ഷം രൂപ) സിൻഡിക്കേറ്റ് അംഗവും റിട്ടയേർഡ് പ്രൊഫസറുമായ ഡോ.പി.സി മുരളീമാധവനേയും, മുൻ സിൻഡിക്കേറ്റ് അംഗമായ പ്രൊഫസർ ജി ഗംഗാധരൻ നായരേയും കേന്ദ്ര ലളിതകലാ അക്കാദമിയുടെ 60-ാമത് ദേശീയ പുരസ്കാരത്തിന് അർഹനായ സർവകലാശാല പൂർവ്വ വിദ്യാർത്ഥിയും ചിത്രകലാ വിഭാഗത്തിലെ ഗസ്റ്റ് ലക്ചററുമായ ചിത്രകാരൻ കെ.കെ ജയേഷിനേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊ ് അജൻഡകളിൽന്മേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)

ഐറ്റം നം.1

Implementation of Outcome Based Teaching Learning and Evaluation (OBTLE) at SSUS (IQAC/14365/ SSUS/2018)

കേരളത്തിലെ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ നിലവാരം വർദ്ധിപ്പിക്കുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി OBTLE സമ്പ്രദായം നടപ്പിലാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും നിർദ്ദേശിച്ച പ്രകാരം ഐ.ക്യു.എ.സി. ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്കൃത സർവകലാശാലയിലും നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും അതിന്റെ ഭാഗമായി വകുപ്പു തല ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത ശില്പശാലകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ ക്രോഡീകരിക്കുകയും ഒരു വിദ്യാർത്ഥി ബിരുദാനന്തര ബിരുദ പ്രോഗ്രാം കഴിയുമ്പോൾ ഏതെല്ലാം തരത്തിലുള്ള കഴിവുകൾ നേടുമെന്ന ധാരണ ഉ ാക്കത്തക്ക വിധത്തിൽ പ്രോഗ്രാം ബേസ്ഡ് ഔട്ട്കം മോഡലിൽ സിലബസ് പുന:ക്രമീകരിച്ച് ബന്ധപ്പെട്ട അക്കാദമിക് തല യോഗങ്ങളുടെ ശുപാർശയോടെ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഇത്തരത്തിൽ തയ്യാറാക്കിയ സിലബസ് എല്ലാ അംഗങ്ങൾക്കും ഇ-മെയിലായി അയച്ചിട്ടുള്ളതുമാകുന്നു. ചില വകുപ്പുകളുടെ പ്രോഗ്രാം ഔട്ട്കം മുഴുവനായും ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുത യോഗത്തിന്റെ ശ്രദ്ധയിൽ വരികയും അവ ഉൾപ്പെടുത്തി ഏപ്രിൽ 30-ാം തീയതിക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാർ ഐ.ക്യു.എ.സി. ഡയറക്ടർക്ക് സമർപ്പിക്കേ താണെന്ന് അറിയിച്ചു.

മേൽ വിശദാംശങ്ങളുടേയും ചർച്ചയുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം അംഗീകരിക്കുവാൻ യോഗം തീരുമാനിച്ചു.

വിവിധ വകുപ്പുകൾ തയ്യാറാക്കി സമർപ്പിച്ച പുന:ക്രമീകരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട പ്രോഗ്രാം ഔട്ട്കം ഉൾപ്പെടെ ഐ.ക്യു.എ.സി. ഡയറക്ടറുടെ റിപ്പോർട്ട് (ഭേദഗതി വരുത്തി) അനുബന്ധം -I ൽ ചേർത്തിരിക്കുന്നത് അംഗീകരിച്ചു.

ഐറ്റം നം.2

P.G. Syllabi Restructuring – 25 Departments/Centres of study - OBTLE Scheme - Approval- reg.

(No. Acd B1/3679/SSUS/2009)

വിഷയം വിശദമായി ചർച്ച ചെയ്തു OBTLE സ്കീം പ്രകാരം പുന:ക്രമീകരിച്ച സിലബസ് എല്ലാ അംഗങ്ങൾക്കും ഇ-മെയിൽ ആയി അയച്ചത് പരിഗണിച്ച് താഴെ പറയും പ്രകാരം അംഗീകരിക്കുവാൻ തീരുമാനിച്ചു.

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

UNIVERSITY OF SANSKRIT * KALADY-683574 * SREE SANKARACHARYA

(i) ഐ.ക്യു.എ.സി.യുടെ ആഭിമുഖ്യത്തിൽ സർവകലാശാലയിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി OBTLE സമ്പ്രദായം നടപ്പിലാക്കി പാഠ്യപദ്ധതികൾ പുന:ക്രമീകരിച്ച ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റേയും ഫാക്കൽറ്റിയുടേയും ശുപാർശ അംഗീകരിച്ചു.

(ii) സർവകലാശാലയിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ OBTLE സ്കീം പ്രകാരം പുന:ക്രമീകരിച്ച സിലബസ് 2019 അദ്ധ്യയന വർഷം മുതൽ സർവകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

<u>ഐറ്റം നം.3</u>

ഗവേഷണം പാർട്ട് ടൈം ആക്കുന്നത് - സംബന്ധിച്ച്

(നം. എസിഡിഎ1/842/എസ്.എസ്.യു.എസ്/2016)

ഗവേഷണം പാർട്ട് ടൈം ആക്കുന്നത് സംബന്ധിച്ച് സുജ മാത്യു, മഞ്ജുഷ മധുസൂദനൻ എന്നിവർ സമർപ്പിച്ച അപേക്ഷയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിദേശ ഭാഷാ ഡീനായ ഡോ.എം.വി.നാരായണനെ ചുമതലപ്പെടുത്തുകയും, പ്രസ്തുത കമ്മിറ്റി 07.01.2019ൽ സമർപ്പിച്ച റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

ഒരു വിഭാഗം അംഗങ്ങൾ പ്രസ്തുത റിപ്പോർട്ടിനെ എതിർത്തതിന്റെ അടിസ്ഥാനത്തിൽ ബഹു.വൈസ് ചാൻസലർ ടി വിഷയം വോട്ടിനിടുവാൻ നിർദ്ദേശിച്ചു. വോട്ടെടുപ്പിൽ ഡോ.പി.സി.മുരളീമാധവൻ, ഡോ.ബാബു ജോസഫ്, ഡോ.കെ.ജി.രാമദാസൻ, പ്രൊഫ.എസ്.മോഹൻദാസ്, പ്രൊഫ.തോമസ് കെ. ജോബ്, ഡോ.എം.വി.നാരായണൻ എന്നിവർ വിട്ടുനിൽക്കുകയും റിപ്പോർട്ട് തള്ളുന്നതിലുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. വോട്ടെടുപ്പിൽ 31 പേർ റിപ്പോർട്ടിനെ എതിർക്കുകയും 12 പേർ അനുകൂലിക്കുകയും ചെയ്തു. ഭൂരിപക്ഷം അംഗങ്ങളും വോട്ടിംഗിലൂടെ ടി റിപ്പോർട്ട് അംഗീകരിക്കേ എന്ന നിലപാട് സ്വീകരിച്ചതിനാൽ ടി വിഷയത്തിൽ ഡോ.എം.വി.നാരായണൻ സമർപ്പിച്ച റിപ്പോർട്ട് തള്ളുകയും കോഴ്സ് വർക്ക് അംഗീകരിച്ച് ഗവേഷണം പാർട്ട് ടൈം ആക്കണമെന്ന ഇംഗ്ലീഷ് വിഭാഗം ഗവേഷകരായ സുജ മാത്യു, മഞ്ജുഷ മധുസൂദനൻ എന്നിവരുടെ അപേക്ഷ നിരസിക്കുവാനും തീരുമാനിച്ചു.

ടി ഗവേഷകർക്ക് ഇനി ആരംഭിക്കുന്ന കോഴ്സ് വർക്കിൽ പങ്കെടുത്ത് ഗവേഷണം പൂർത്തീകരിക്കുവാൻ അവസരം നൽകാവുന്നതാണ്.

<u>ഐറ്റം നം.4</u>

കോഴ്സ് വർക്ക് ഒഴിവാക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

(നം. എസിഡിഎ1/3896/എസ്.എസ്.യു.എസ്/2016)

വിഷയം വിശദമായി ചർച്ചചെയ്തു.

കോഴ്സ് വർക്കിൽ നിന്ന് ഒഴിവാക്കുന്ന സർട്ടിഫിക്കറ്റ് നൽകുവാൻ നിലവിലെ പി.എച്ച്.ഡി റെഗുലേഷനിലോ യു.ജി.സി റെഗുലേഷനിലോ വ്യവസ്ഥയില്ല. അതിനാൽ റീനു ജോർജ്ജ്, വി.എസ്.സുജിത എന്നിവർക്ക് കോഴ്സ് വർക്ക് ഒഴിവാക്കുന്ന സർട്ടിഫിക്കറ്റ് നൽകേ തില്ല എന്ന് തീരുമാനിച്ചു.

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

SREE SANKARACHARYA UNIVERSITY OF SANSKRIT * KALADY-683574 *

**ഐറ്റം നം.5**

കോഴ്സ് വർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്-സംബന്ധിച്ച്.
(നം. 164/എസിഡിഎ1/2009/എസ്.എസ്.യു.എസ്)

മേൽ വിഷയം വിശദമായി ചർച്ചചെയ്തു.

സർവ്വകലാശാല റെഗുലേഷനും ഉത്തരവുകളും അനുസരിച്ചും ടി ഗവേഷകരുടെ ഡോക്ടറൽ/ റിസർച്ച് കമ്മറ്റി തീരുമാനങ്ങൾ പ്രകാരവും അവർക്ക് നിയമാനുസൃതമായി കോഴ്സ് വർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന് ആയുർവേദ വകുപ്പദ്ധ്യക്ഷന്റെ ശിപാർശ പരിഗണിച്ച് ആയുർവേദ വിഭാഗത്തിലെ എട്ട് ഗവേഷകർക്ക് പി.എച്ച്.ഡി. പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കോഴ്സ് വർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ തീരുമാനിച്ചു.

**ഐറ്റം നം.6**

മഹർഷി സന്ദീപനി രാഷ്ട്രീയ വേദവിദ്യാ പ്രതിഷ്ഠാൻ - കോഴ്സുകൾ - അംഗീകാരം നൽകുന്നത് - സംബന്ധിച്ച്. (നം. എസിഡിഎ2/17710/എസ്.എസ്.യു.എസ്/2019)

മഹർഷി സന്ദീപനി രാഷ്ട്രീയ വേദവിദ്യാ പ്രതിഷ്ഠാൻ എന്ന സ്ഥാപനത്തിൽ നിന്നും പൂർത്തിയാക്കുന്ന വേദവിഭൂഷൺ കോഴ്സിന് സർവ്വകലാശാലയിലെ ബിരുദ കോഴ്സുകൾക്ക് പ്രവേശനത്തിന് അനുമതി നൽകുന്ന വിഷയത്തിൽ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ.പി.സി.മുരളീമാധവൻ, ഡോ.കെ.ജി.രാമദാസൻ, ഡോ.കെ.എം.സംഗമേശൻ എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**ഐറ്റം നം.7**

വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എ. മ്യൂസിക് കോഴ്സിന് തുല്യത സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്. (നം:എസിഡി.എ2/2997/എസ്.എസ്.യു.എസ്/2018)

വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എ. മ്യൂസിക് കോഴ്സിന് തുല്യത സർട്ടിഫിക്കറ്റ് നൽകണമെന്ന വകുപ്പദ്ധ്യക്ഷയുടെ ശിപാർശ അംഗീകരിച്ചു.

**ഐറ്റം നം.8**

ഐ.ക്യു.എ.സി. യുടെ നിയമാവലി രൂപീകരണം - സംബന്ധിച്ച്
(No.Pl.D/B/NAAC/09/SSUS)

174-ാംമത് സിൻഡിക്കേറ്റ് അംഗീകരിച്ച ഐ.ക്യു.എ.സിയുടെ നിയമാവലി സർവ്വകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

**ഐറ്റം നം.9**

Consolidated chart of feedbacks of students on teachers collected during 2017-18 (summer semester) reg. (No.Pl.D/feedback analysis/SSUS/2019)

2017-18 വർഷത്തിൽ ഐ.ക്യു.എ.സി ജനറൽ ഫോർമാറ്റിൽ തയ്യാറാക്കിയ ഫീഡ്ബാക്ക് റിപ്പോർട്ട് അംഗീകരിച്ചു.



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

**ഐറ്റം നം.10**

തുറവൂർ പ്രാദേശിക കേന്ദ്രം എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥി അഭിജിത്ത് കെ.വി.-യ്ക്ക് സീറോ സെമസ്റ്റർ പ്രവേശനം നൽകുന്നത്-സംബന്ധിച്ച്
(നം: 11787/എസിഡി.ബി2/എസ്.എസ്.യു.എസ്./2011)

പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തു. തുറവൂർ പ്രാദേശിക കേന്ദ്രം എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥി അഭിജിത്ത് കെ.വി.-യ്ക്ക് അടുത്ത ഒന്നാം സെമസ്റ്ററിൽ റീ അഡ്മിഷൻ ആയി അഡീഷണൽ സീറ്റിൽ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ പ്രവേശനം നൽകുവാൻ തീരുമാനിച്ചു.

**ഐറ്റം നം.11**

എം.എ. സംസ്കൃത വേദാന്തം വിദ്യാർത്ഥി റെനിഷ് ആന്റണി-ക്ക് 2-ാം സെമസ്റ്റർ തുടർ പഠനം അനുവദിച്ചത്-സംബന്ധിച്ച് (നം:10234/എസിഡി.ബി2/2017/എസ്.എസ്.യു.എസ്.)

കാലടി മുഖ്യ കേന്ദ്രത്തിൽ 2018 അഡ്മിഷൻ എം.എ. സംസ്കൃത വേദാന്തം വിദ്യാർത്ഥി റെനിഷ് ആന്റണിക്ക് പ്രൊവിഷണലായി പഠനം തുടരുന്നതിന് അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

**ഐറ്റം നം.12**

മാതൃഭാഷ പഠിക്കാതെ ബിരുദമെടുക്കുന്ന സ്ഥിതി മാറ്റുന്നത് -സംബന്ധിച്ച്.
(നം: 3546/എസിഡി.ബി2/2015/എസ്.എസ്.യു.എസ്.)

മേൽ വിഷയം വിശദമായി ചർച്ച ചെയ്തു. മലയാളം പഠിക്കുവാൻ താത്പര്യമുള്ളവർക്ക് പഠിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടു ന്ന് നിയമസഭാചോദ്യത്തിന് മറുപടി നൽകുവാൻ തീരുമാനിച്ചു.

**ഐറ്റം നം.13**

വിദ്യാർത്ഥികൾക്ക് സീറോ സെമസ്റ്റർ അനുവദിച്ചത്-സാധൂകരണം-സംബന്ധിച്ച്.
(നം: എസിഡി.ബി2/502/2011/എസ്.എസ്.യു.എസ്.)

വിഷയം വിശദമായി ചർച്ചചെയ്തു

27.03.2019 ൽ കൂടിയ സീറോ സെമസ്റ്റർ കമ്മറ്റി പയ്യന്നൂർ പ്രാദേശിക കേന്ദ്രം എം.എ സംസ്കൃതം വ്യാകരണം വിദ്യാർത്ഥിനിയായ ശിൽപ ടി.വി, തൃശ്ശൂർ പ്രാദേശിക കേന്ദ്രം എം.എ സംസ്കൃതം സാഹിത്യം വിദ്യാർത്ഥിയായ ഗോപിനാഥൻ നായർ പി.എ, കാലടി മുഖ്യ കേന്ദ്രം ബി.എ സംസ്കൃതം ന്യായം വിദ്യാർത്ഥിയായ പി.എം മനാഫ് എന്നിവർക്ക് അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി സീറോ സെമസ്റ്റർ അനുവദിച്ച് പ്രവേശനം നൽകുവാൻ ശിപാർശ ചെയ്തത് അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചു.

**ഐറ്റം നം.14**

തുല്യത സർട്ടിഫിക്കറ്റ് സംബന്ധിച്ച സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിയത് -സാധൂകരണം -സംബന്ധിച്ച്. (നം:എസിഡി.എ2/15546/എസ്.എസ്. യു.എസ്/2016)

SREE SANKARACHARYA UNIVERSITY OF SANSKRIT KALADY-683574



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

തുല്യത സർട്ടിഫിക്കറ്റ് സംബന്ധിച്ച 13.11.2018 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(MS)272/2018/H.Edn സർവ്വകലാശാലയിൽ നടപ്പിലാക്കിയത് സാധൂകരിച്ചു.

ഐറ്റം നം.15

Award of Ph.D to various candidates-reg (No.EA/4513/2010/SSUS)

വിവിധ വിഷയങ്ങളിൽ വ്യത്യസ്ത ഫാക്കൽറ്റികളിലായി സമർപ്പിച്ച ഗവേഷണ പ്രബന്ധങ്ങളുടെ അടിസ്ഥാനത്തിൽ 10 ഗവേഷകർക്ക് പി.എച്ച്.ഡി. ബിരുദം നൽകിയത് അക്കാദമിക് കൗൺസിൽ അംഗീകരിച്ചു.

## III. പ്രമേയങ്ങൾ (Resolutions)

1. ഡോ.കെ.ജി.രാമദാസൻ അവതരിപ്പിച്ച് ഡോ.പി.സി.മുരളീമാധവൻ പിന്താങ്ങുന്ന പ്രമേയം

പ്രമേയം താഴെ പറയുന്ന മാറ്റത്തോടെ കൗൺസിൽ അംഗീകരിച്ചു. 2017ന് ശേഷം വരുന്ന മറ്റു സർവകലാശാല ബിരുദങ്ങളുടെ തുല്യത സംബന്ധിച്ച് കേരള സർക്കാർ അംഗീകരിച്ച നിയമാവലി പാലിക്കുകയും 2017ന് മുൻപുള്ള തുല്യത സംബന്ധിച്ചുള്ള തീരുമാനങ്ങൾ അതത് സമയങ്ങളിൽ സർവകലാശാലയിൽ നിലനിന്നിരുന്ന നിയമങ്ങൾക്കനുസരിച്ച് തീർപ്പാക്കേ തുമാണ്. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയിൽ ഉൾപ്പെടാത്ത മറ്റ് സർവകലാശാലകളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ മറ്റ് അന്താരാഷ്ട്ര സർവകലാശാല റാങ്കിംഗ് അടിസ്ഥാനപ്പെടുത്തി സർവകലാശാലക്ക് തീരുമാനിക്കാവുന്നതാണ്.

2. മലയാളം വകുപ്പുമേധാവി ഡോ. വി.എ. വത്സലൻ അവതരിപ്പിക്കുന്ന പ്രമേയം

പ്രബന്ധ പരിശോധനക്കുള്ള പാനലിൽ കേരളത്തിന് പുറമേ നിന്നുള്ള വിദഗ്ദ്ധർ വേണമെന്ന നിബന്ധനയിൽ നിന്നും മലയാള വിഭാഗത്തിനെ മാത്രം ഒഴിവാക്കുവാൻ തീരുമാനിച്ചു.

കാര്യപരിപാടി (സപ്ലിമെന്ററി)

## I പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for Consideration)

ഐറ്റം നം.1

Certificate Programme in Urdu – reg. (No.Acd.B1/4946/SSUS/2019)

വിഷയം വിശദമായി ചർച്ച ചെയ്തു. ഉറുദു വകുപ്പദ്ധ്യക്ഷൻ സമർപ്പിച്ച സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ പ്രൊപ്പോസൽ 4. Eligibility Criteria യിൽ "Passed +2 or equivalent course" എന്നു കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. കൂടാതെ ടി സിലബസ് ഔട്ട്കം ബേസ്ഡ് സ്കീമിൽ പുന:ക്രമീകരിച്ച് സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുവാനും തീരുമാനിച്ചു.

ഐറ്റം നം.2

Certificate Programme in Kerala Tradition of Architecture Study based on Sanskrit Sources – Department of Vastuvidya – reg. (No.Acd.B1/4913/SSUS/2019)

SREE SANKARACHARYA UNIVERSITY OF SANSKRIT ★ KALADY-683574 ★



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

പ്രസ്തുത സിലബസ് അംഗീകരിച്ചു. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

**ഐറ്റം നം.3**

2017-'18 അക്കാദമിക് വർഷത്തെ എം.ഫിൽ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് -സംബന്ധിച്ച്. (നം.ഇഡി/11607/എസ്.എസ്.യു.എസ്/2018)

വിവിധ വകുപ്പുകളിൽ നിന്നും അക്കാദമിക് കൗൺസിൽ യോഗത്തിന് മുമ്പാകെ പരിഗണനയ്ക്ക് വന്ന 2017-'18 അക്കാദമിക വർഷത്തെ 97 വിദ്യാർത്ഥികൾക്ക് എം.ഫിൽ ഡിഗ്രി അവാർഡ് ചെയ്തത് അംഗീകരിച്ചു.

**ഐറ്റം നം.4**

നിലവിലുള്ള പി.എച്ച്.ഡി. റഗുലേഷനുകളിലെ പ്രീ സബ്മിഷൻ നിബന്ധനയിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (നം.എസി.ഡി.എ1/5064/എസ്.എസ്.യു.എസ്/2019)

നിലവിലുള്ള പി.എച്ച്.ഡി. റഗുലേഷനുകളിലെ പ്രീ സബ്മിഷൻ നിബന്ധനയിൽ മാറ്റം വരുത്തി ഗവേഷകർക്ക് സഹായകരമായ നിലപാട് കൈക്കൊള്ളുവാൻ 2009, 2015, 2017 റെഗുലേഷനുകളിലെ യഥാക്രമം 14(b), 16(e), 16(d) നിബന്ധനകളിലെ ആദ്യവാചകം താഴെ പറയും പ്രകാരം മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

"The research scholar has to do two pre-submission seminars based on his/her research with in the last four months before the date of submission of application for submission of the thesis".

**ഐറ്റം നം.5**

Award of Ph.D to various candidates – reg. (No.EA/4513/2010/SSUS)

വിവിധ വിഷയങ്ങളിൽ വ്യത്യസ്ത ഫാക്കൽറ്റികളിലായി സമർപ്പിച്ച ഗവേഷണ പ്രബന്ധങ്ങളുടെ അടിസ്ഥാനത്തിൽ 13 ഗവേഷകർക്ക് പി.എച്ച്.ഡി. ബിരുദം നൽകിയത് അക്കാദമിക് കൗൺസിൽ അംഗീകരിച്ചു.

**ഐറ്റം നം. 6**

എം.എഫ്.എ/എം.എസ്.ഡബ്ല്യൂ കോഴ്സുകൾ റഗുലർ പി.ജി. കോഴ്സുകളായി കണക്കാക്കി എസ്.സി/ എസ്.ടി വിഭാഗങ്ങൾക്ക് 20% സംവരണം നടപ്പിലാക്കുന്നത്-സംബന്ധിച്ച്. (നം: 2777/എസിഡി.ബി2/2006/എസ്.എസ്.യു.എസ്.)

വിഷയം വിശദമായി ചർച്ച ചെയ്തു.

സർവ്വകലാശാലയിലെ എം.എഫ്.എ/എം.എസ്.ഡബ്ല്യൂ കോഴ്സുകൾ നിലവിലെ സ്ഥിതി നിലനിർത്തികൊ ് തന്നെ റഗുലർ പി.ജി.ക്കുള്ള സംവരണം നൽകി റിസർവേഷൻ നടപ്പാക്കുവാൻ തീരുമാനിച്ചു. പ്രസ്തുത രീതി നടപ്പാക്കുമ്പോൾ പട്ടിക ജാതി വിഭാഗത്തിന് 15% വും പട്ടികവർഗ്ഗ വിഭാഗത്തിന് 5% വും സംവരണം നൽകേ താണ്.

**ഐറ്റം നം.7**

മലയാള വിഭാഗം - പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നത് - സംബന്ധിച്ച്. (നം. എസിഡി.ബി1/4968/എസ്.എസ്.യു.എസ്/2019)



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

SREE SANKARACHARYA UNIVERSITY OF SANSKRIT * KALADY-683574 *

സർവകലാശാലക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ നടത്തുവാൻ തീരുമാനിച്ചു. കൂടാതെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അംഗീകാരത്തിന് വിധേയമായും ഔട്ട്കം ബേസ്ഡ് എഡ്യുക്കേഷന്റെ നിബന്ധനക്കനുസൃതമായി സിലബസ് തയ്യാറാക്കി സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

ഐറ്റം നം.8

കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗം - പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നത് - സംബന്ധിച്ച്. (നം. എസിഡി.ബി1/4161/എസ്.എസ്.യു.എസ്/2019)

കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗത്തിൽ പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

ഐറ്റം നം.9

ഇംഗ്ലീഷ് വിഭാഗം - സിലബസ് പരിഷ്കരിച്ചത് - സംബന്ധിച്ച്.
(നം. എസിഡി.ബി1/4775/എസ്.എസ്.യു.എസ്/2019)

ഇംഗ്ലീഷ് വിഭാഗത്തിന്റെ ബി.എ. പ്രോഗ്രാമിൽ കോമൺ കോഴ്സിന്റെ (ഇംഗ്ലീഷ്) സിലബസ്, പരിഷ്കരിച്ചത് വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു.

ഐറ്റം നം.10

ദാക്ഷായണി വേലായുധൻ സെന്റർ - പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം - സംബന്ധിച്ച്
(നം. എസിഡി.ബി1/10073/എസ്.എസ്.യു.എസ്/2018)

സിലബസ് അംഗീകരിച്ചു. പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഏത് ഡിപ്പാർട്ടുമെന്റുമായി യോജിച്ച് നടത്തണമെന്ന് തീരുമാനിക്കുന്നതിനും കോഴ്സ് നടത്തിപ്പ് സംബന്ധിച്ച മറ്റ് കാര്യങ്ങൾ തീരുമാനിക്കുന്നതിനായി സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

**II അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര ഇനങ്ങൾ**

**അഡീഷണൽ അജ**

ഐറ്റം നം.1

മോഹിനിയാട്ടം വിഭാഗം - പുതിയ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നത് - സംബന്ധിച്ച്. (Acd.B1/4890/SSUS/2019)

മോഹിനിയാട്ടം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുവാനുദ്ദേശിക്കുന്ന "General Introduction to Mohiniyattom" എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ സിലബസ് വിശദമായ ചർച്ചക്ക് ശേഷം അംഗീകരിച്ചു.

ഐറ്റം നം.2

ISSS - പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം – സംബന്ധിച്ച് (Acd.B1/5546/SSUS/2019)

ISSS ന്റെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന "Philosophy of Sankara and Contemporary Thoughts" എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ സിലബസ് അംഗീകരിച്ചു. സർട്ടിഫിക്കറ്റ് കോഴ്സിന്റെ പൊതു നിബന്ധന ഇതിനും ബാധകമാക്കി നടപ്പാക്കുവാനും തീരുമാനിച്ചു.

SREE SANKARACHARYA UNIVERSITY OF SANSKRIT * KALADY-683574 *



Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574

**ഐറ്റം നം.3**

ഗവേഷണ പ്രബന്ധം മലയാള ഭാഷയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്. (Acd.A1/1739/2012/SSUS).

"Autobiography as Social interface : An analytical Study of the Autobiographies of E.M.Sankaran Namboodiripad, A.K.Gopalan and Cherukad Govinda Pisharody" എന്ന വിഷയത്തിൽ ഗവേഷണ പ്രബന്ധം മലയാള ഭാഷയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് താരതമ്യ സാഹിത്യം ഗവേഷകനായ പി.എസ്. സുബിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

**അടിയന്തിര പ്രമേയം**

25.04.2019ന് സർവകലാശാല സർവർ ഹാക്ക് ചെയ്തു. ഫയർവാളിന്റെ ലൈസൻസ് തീർന്നതിനാലാണ് ഇങ്ങനെ സംഭവിച്ചത്. സൈബർ സെല്ലിൽ പരാതി സമർപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചത് ഡോ.ബിജു വി, പിന്താങ്ങിയത് ഡോ.സാജു ടി.എസ്.

ടി വിഷയത്തിൽ അടിയന്തിരമായി ഒരന്വേഷണം സർവകലാശാലാതലത്തിൽ നടത്തേ താണ്. അതിന് വേ ി ഐ.ടി. ഓഫീസർ ഇൻ ചാർജിനോട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് സൈബർ സെല്ലിൽ അടിയന്തിരമായി പരാതി സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

**ഒപ്പ്**
**വൈസ് ചാൻസലർ**

SREE SANKARACHARYA UNIVERSITY OF SANSKRIT
KALADY-683574

Dr. DHARMARAJAN P.K.
Vice-Chancellor
Sree Sankaracharya University of Sanskrit
Kalady, Ernakulam, Kerala-683 574